LIBRARY ARCHIVES Kerala Legislative Assembly

## മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിൽ സംഭവിച്ച അപാകത

**209 (3211)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തലത്തിൽ കേരളത്തിലെ 3 മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിൽ സംഭവിച്ച അപാകത സംബന്ധിച്ച് ഏങ്ങണ്ടിയൂർ (തൃശൂർ ജില്ല) പഞ്ചായത്ത് പ്രസിഡണ്ട് സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം സർക്കാർ പരിശോധിക്കുകയുണ്ടായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾ വ്യക്തമായി പാലിച്ച് വിവിധ തലങ്ങളിൽ ഫീൽഡു പരിശോധനയ്ക്കുശേഷം നടത്തിയ മികച്ച പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിൽ യാതൊരു അപാകതയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ടി നിവേദനത്തിൻ മേലുള്ള തുടർനടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്.

## ജാഗ്രതാസമിതികൾ

**210 (3212)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ വനിതാ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എവിടെയൊക്കെയാണ് ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജാഗ്രതാ സമിതി നടത്താനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?